REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

തിയ്യതി: 09-09-2024 സമയം 06.45 AM

## പ്രധാന വാർത്തകൾ

- **അബുദാബി കിരീടാവകാശി ഷെയ്ഖ് ഖാലിദ് ബിൻ മുഹമ്മദ് ബിൻ സായിദ് അൽ നഹ്യാൻ ന്യൂഡൽഹിയിൽ ഇന്ന് രാഷ്ട്രപതി ദ്രൗപതി മുർമ്മുവുമായും പ്രധാനമന്ത്രി നരേന്ദ്ര മോദിയുമായും കൂടിക്കാഴ്ച നടത്തും.**
- **54-ാമത് GST കൗൺസിൽ യോഗം ഇന്ന് ന്യൂഡൽഹിയിൽ .**
- **തിരുവനന്തപുരം നഗരത്തിൽ നാല് ദിവസമായി മുടങ്ങിയ കുടിവെള്ള വിതരണം ഭാഗികമായി പുനഃസ്ഥാപിച്ചു.**
- **സംസ്ഥാനത്ത് സൗജന്യ ഓണക്കിറ്റ് വിതരണം ഇന്ന് ആരംഭിക്കും.**
- **അനുവദിച്ച കാര്യങ്ങൾക്കല്ലാതെ ഭൂമി തരം മാറ്റുന്നതിനെതിരെ കർശന നടപടി സ്വീകരിക്കണമെന്ന് മന്ത്രി കെ രാജൻ.**
- **യു.എസ്. ഓപ്പൺ ടെന്നീസ് പുരുഷ സിംഗിൾസ് കിരീടം ഇറ്റാലിയൻ താരം യാനിക് സിന്നറിന്.**

## വാർത്തകൾ വിശദമായി

അബുദാബി കിരീടാവകാശി ഷെയ്ഖ് ഖാലിദ് ബിൻ മുഹമ്മദ് ബിൻ സായിദ് അൽ നഹ്യാൻ ന്യൂഡൽഹിയിൽ ഇന്ന് രാഷ്ട്രപതി ദ്രൗപതി മുർമ്മുവുമായും പ്രധാനമന്ത്രി നരേന്ദ്ര മോദിയുമായും കൂടിക്കാഴ്ച നടത്തും. മൂന്ന് ദിവസത്തെ ഔദ്യോഗിക സന്ദർശനത്തിനായി ഇന്നലെ വൈകിട്ടാണ് അബുദാബി കിരീടാവകാശി ന്യൂഡൽഹിയിലെത്തിയത്.

...ഡെസ്ക് റിപ്പോർട്ട്...

....വോയ്സ്....

ഇന്ത്യയും UAEയും തമ്മിലെ ഉഭയകക്ഷി സഹകരണത്തിന്റെ വിശാല മേഖലകളെക്കുറിച്ച് പ്രധാനമന്ത്രിയും അബുദാബി കിരീടാവകാശിയും ചർച്ച നടത്തുമെന്ന് പ്രതീക്ഷിക്കുന്നു. ഇരു രാജ്യങ്ങളിലെയും വ്യവസായ പ്രമുഖർ പങ്കെടുക്കുന്ന ബിസിനസ് ഫോറത്തിൽ പങ്കെടുക്കാൻ അബുദാബി കിരീടാവകാശി നാളെ മുംബൈ സന്ദർശിക്കും.

കിരീടാവകാശിയുടെ സന്ദർശനം ഇന്ത്യ-UAE ഉഭയകക്ഷി ബന്ധം കൂടുതൽ ശക്തിപ്പെടുത്തുകയും പുതിയ മേഖലകളിൽ പങ്കാളിത്തത്തിന് വഴികൾ തുറക്കുകയും ചെയ്യും. UAEയിലെ നിരവധി മന്ത്രിമാരും ബിസിനസ് പ്രതിനിധി സംഘവും അദ്ദേഹത്തോടൊപ്പമുണ്ട്.

✪✪✪

റിയാദിൽ ഇന്ന് നടക്കുന്ന ഇന്ത്യ-ഗൾഫ് സഹകരണ കൗൺസിൽ വിദേശകാര്യ മന്ത്രിമാരുടെ ആദ്യ യോഗത്തിൽ വിദേശകാര്യ മന്ത്രി ഡോ. എസ് ജയശങ്കർ പങ്കെടുക്കും. ഇന്ത്യയും ഗൾഫ് രാജ്യങ്ങളും തമ്മിൽ ബന്ധം ശക്തിപ്പെടുത്തുകയാണ് ഈ ചരിത്ര സംഗമം ലക്ഷ്യമിടുന്നത്.

വ്യാപാരം, നിക്ഷേപം, ഊർജം എന്നിവയുൾപ്പെടെ വിവിധ മേഖലകളിൽ സഹകരണം വർധിപ്പിക്കുന്നതിനാണ് ജിസിസി വിദേശകാര്യ മന്ത്രിമാരുടെ യോഗം ഊന്നൽ നൽകുന്നത്.

സന്ദർശന വേളയിൽ, ഡോ. ജയശങ്കർ GCC അംഗരാജ്യങ്ങളുമായി ഉഭയകക്ഷി ചർച്ച നടത്തുമെന്ന് പ്രതീക്ഷിക്കുന്നു, ഇത് മേഖലയിലെ ഇന്ത്യയുടെ ബന്ധം കൂടുതൽ ദൃഢമാക്കും.

സൗദി അറേബ്യയിൽ രണ്ട് ദിവസത്തെ സന്ദർശനത്തിനെത്തിയ ഡോ. ജയശങ്കർ ആദ്യ ദിവസം റിയാദിലെ പ്രധാന സാംസ്കാരിക കേന്ദ്രങ്ങൾ സന്ദർശിച്ചു.

✪✪✪

54-ാമത് GST കൗൺസിൽ യോഗം ഇന്ന് ന്യൂഡൽഹിയിൽ ചേരും. കേന്ദ്ര ധനമന്ത്രി നിർമല സീതാരാമന്റെ അധ്യക്ഷതയിലാണ് യോഗം.

ജൂണിൽ നടന്ന GST കൗൺസിൽ യോഗത്തിൽ എല്ലാ സ്റ്റീൽ, ഇരുമ്പ്, അലുമിനിയം പാൽ ക്യാനുകൾക്കും 12 ശതമാനം GST ഏകീകൃത നിരക്ക് ശിപാർശ ചെയ്തിരുന്നു.

✪✪✪

എംപോക്സ് സാന്നിധ്യം റിപ്പോർട്ട് ചെയ്ത രാജ്യത്ത് നിന്നും ഇന്ത്യയിലെത്തിയ യുവാവിൽ എംപോക്സ് ലക്ഷണങ്ങൾ കണ്ടെത്തിയതായി കേന്ദ്ര ആരോഗ്യമന്ത്രാലയം അറിയിച്ചു. നിലവിൽ രോഗി ആശുപത്രിയിൽ നിരീക്ഷണത്തിലാണെന്നും, എംപോക്സ് സാന്നിധ്യം സ്ഥിരീകരിക്കാൻ സാമ്പിളുകൾ പരിശോധിച്ച് വരികയാണെന്നും അറിയിപ്പിൽ പറയുന്നു. രോഗബാധ തടയാൻ രാജ്യം പൂർണ സജ്ജമാണെന്നും ആരോഗ്യമന്ത്രാലയം വ്യക്തമാക്കി.

✪✪✪

തിരുവനന്തപുരം നഗരത്തിൽ നാല് ദിവസമായി മുടങ്ങിക്കിടന്ന കുടിവെള്ള വിതരണം ഭാഗികമായി പുനഃസ്ഥാപിച്ചു. രാത്രി 10 മണിയോടെയാണ് ജലവിതരണം പുനഃസ്ഥാപിക്കാൻ കഴിഞ്ഞത്. ഐരാണിമുട്ടം ടാങ്കിൽ നിന്നും വിതരണം നടക്കുന്ന പ്രദേശങ്ങളിൽ രാവിലെയോടെ വെള്ളം എത്തുമെന്ന് അധികൃതർ അറിയിച്ചു.

തിരുവനന്തപുരം - കന്യാകുമാരി റെയിൽവേപാത ഇരട്ടിപ്പിക്കലിന്റെ ഭാഗമായി നഗരത്തിലേക്ക് കുടിവെള്ളം വിതരണം ചെയ്യുന്ന പ്രധാന പൈപ്പ് മാറ്റി സ്ഥാപിക്കുന്ന ജോലി പൂർത്തിയായതായി മന്ത്രി റോഷി അഗസ്റ്റിൻ അറിയിച്ചു.

ജഗതി CIT റോഡിലെ പ്രധാന പൈപ്പാണ് മാറ്റി സ്ഥാപിച്ചത്. ഇരട്ടിപ്പിക്കുന്ന പാതയുടെ അടിയിലൂടെ പോകുന്ന പൈപ്പിന്റെ ബെൻഡ് ഒഴിവാക്കണമെന്ന റെയിൽവേയുടെ നിബന്ധനയെ തുടർന്നാണ് നഗരത്തിലേക്ക് കുടിവെള്ളം എത്തിക്കുന്ന 700 MMDI പൈപ്പ് മാറ്റി സ്ഥാപിക്കേണ്ടി വന്നത്.

✪✪✪

തിരുവനന്തപുരം കോർപ്പറേഷൻ പരിധിയിലെ പ്രൊഫഷണൽ കോളേജുകൾ ഉൾപ്പെടെ എല്ലാ വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കും ഇന്ന് ജില്ലാ കളക്ടർ അവധി പ്രഖ്യാപിച്ചു. സാങ്കേതിക വിദ്യാഭ്യാസ വകുപ്പിന് കീഴിലെ കോളേജുകളിൽ ഇന്ന് നടക്കുന്ന പ്രവേശന നടപടികൾക്ക് മാറ്റമില്ലെന്ന് ജില്ലാ കലക്ടർ അറിയിച്ചു. കേരള സർവകലാശാ ഇന്നത്തെ പരീക്ഷകൾ മാറ്റിവെച്ചു.

✪✪✪

നാവികസേനയ്ക്കായി കൊച്ചി കപ്പൽ ശാല നിർമ്മിച്ച രണ്ട് ആൻറി സബ്മറീൻ വാർഫെയർ ഷാലോ വാട്ടർ ക്രാഫ്റ്റുകളുടെ നീറ്റിലിറക്കൽ ചടങ്ങ് രാവിലെ കൊച്ചി കപ്പൽശാലയിൽ നടക്കും. ദക്ഷിണ മേഖല നാവിക കമാൻഡ് മേധാവി വൈസ് അഡ്മിറൽ V ശ്രീനിവാസ് മുഖ്യാതിഥിയാകുന്ന ചടങ്ങിൽ അദ്ദേഹത്തിന്റെ ഭാര്യ വിജയ ശ്രീനിവാസ് കപ്പലുകൾ നീറ്റിലിറക്കും.

✪✪✪

സംസ്ഥാനത്ത് സൗജന്യ ഓണക്കിറ്റ് വിതരണം ഇന്ന് ആരംഭിക്കും. സംസ്ഥാനതല ഉദ്ഘാടനം തിരുവനന്തപുരം പേരൂർക്കടയിൽ മന്ത്രി GR അനിൽ നിർവഹിക്കും.

ഓണക്കിറ്റുകൾ റേഷൻ കടകൾ വഴിയാണ് വിതരണം ചെയ്യുന്നത്. 6 ലക്ഷത്തോളം വരുന്ന മഞ്ഞ കാർഡുടമകൾക്കും, വിവിധ ക്ഷേമസ്ഥാപനങ്ങളിലെ താമസക്കാരായ NPI കാർഡുടമകൾക്കും, വയനാട് ദുരന്തബാധിത മേഖലയിലെ എല്ലാ റേഷൻകാർഡ് ഉടമകൾക്കും ഓണക്കിറ്റ് ലഭിക്കും. ക്ഷേമസ്ഥാപനങ്ങളിലെ താമസക്കാർക്ക് നാളെ മുതൽ ഉദ്യോഗസ്ഥർ കിറ്റുകൾ നേരിട്ട് എത്തിക്കും. 14 അവശ്യ സാധനങ്ങളടങ്ങിയതാണ് ഓണക്കിറ്റ്.

ഓണത്തിന് സ്കൂൾ കുട്ടികൾക്ക് അഞ്ചു കിലോ അരി വിതരണം ചെയ്യുന്നതിന്റെ സംസ്ഥാനതല ഉദ്ഘാടനവും ഇന്ന് തിരുവനന്തപുരത്തു നടക്കും .

✪✪✪

തോട്ടഭൂമി ഉൾപ്പെടെ, ഭൂമി അനുവദിച്ച കാര്യങ്ങൾക്കല്ലാതെ തരം മാറ്റുന്നതിനെതിരെ കർശന നടപടി സ്വീകരിക്കണമെന്ന് മന്ത്രി കെ രാജൻ ആവശ്യപ്പെട്ടു. ഇത്തരം ഭൂമിയുടെ തരം മാറ്റം ശ്രദ്ധയിൽപ്പെട്ടാൽ താലൂക്ക് ലാൻഡ് ബോർഡുകളിൽ റിപ്പോർട്ട് ചെയ്ത് മിച്ചഭൂമി കേസുകൾ പുനരാരംഭിക്കുന്നതിനു നടപടി റവന്യൂ ഉദ്യോഗസ്ഥർ സ്വീകരിക്കണമെന്നും മന്ത്രി നിർദ്ദേശിച്ചു. അനധികൃതമായി നടക്കുന്ന നെൽവയൽ നികത്തൽ തടഞ്ഞു നിലം പൂർവ സ്ഥിതിയിലാക്കാൻ നടപടിയെടുക്കണമെന്നും മന്ത്രി ആവശ്യപ്പെട്ടു.

കൊച്ചിയിൽ ജില്ലാ കളക്ടർമാരുടെ യോഗത്തിൽ സംസാരിക്കുകയായിരുന്നു മന്ത്രി. ഭൂമി തരംമാറ്റത്തിനു കുടിശിക അപേക്ഷകൾ തീർപ്പാക്കുന്നതിന് ഒക്ടോബർ 25 മുതൽ നവംബർ 10 വരെ പ്രത്യേക അദാലത്തുകൾ സംഘടിപ്പിക്കുമെന്നും കെ രാജൻ അറിയിച്ചു.

റവന്യു വകുപ്പുമായി ബന്ധപ്പെട്ട വിഷയങ്ങളിൽ കാര്യക്ഷമമായി ഇടപെടുന്നതിനും, പരിഹാരം കാണുന്നതിനും തഹസിൽദാർമാരെ പങ്കെടുപ്പിച്ചു നാല് മേഖലാ യോഗങ്ങൾ നടത്തുമെന്നും മന്ത്രി പറഞ്ഞു.

✪✪✪

സംസ്ഥാന ഗവൺമെന്റിന്റെ മൂന്നാം വാർഷികത്തോടനുബന്ധിച്ച് ജില്ലാതല തദ്ദേശ അദാലത്ത് ഇന്ന് തൃശ്ശൂരിൽ നടക്കും. VKN. മേനോൻ ഇൻഡോർ സ്റ്റേഡിയത്തിൽ നടക്കുന്ന അദാലത്തിന്റെ ഉദ്ഘാടനം രാവിലെ മന്ത്രി MB രാജേഷ് നിർവ്വഹിക്കും.

അദാലത്തിൽ പരിഗണിക്കുന്നതിനായി 1151 പരാതികളാണ് ഓൺലൈനായി ലഭിച്ചത്. ഇന്റേണൽ വിജിലൻസ് ഓഫീസർമാരുടെ നേതൃത്വത്തിൽ തീർപ്പാക്കിയ പരാതികളിൽ അദാലത്ത് സ്ഥലത്തുതന്നെ അപേക്ഷകർക്ക് സേവനം ലഭ്യമാക്കും. മന്ത്രിക്ക് നേരിട്ട് പരാതികൾ നൽകാനും അവസരം ലഭിക്കും.

✪✪✪

പാരാലിമ്പിക്സ് മത്സരങ്ങൾ പാരീസിൽ സമാപിച്ചു. പാരാലിമ്പികിസിൽ സ്വർണമെഡൽ നേടിയ ഹർവീന്ദർ സിങ്ങും, പ്രീതി പാലും സമാപനച്ചടങ്ങിൽ ഇന്ത്യയുടെ പതാകവാഹകരായി. 2028 ലെ അടുത്ത പാരാലിമ്പിക് സമ്മർ ഗെയിംസിന്റെ ആതിഥേയരായ ലോസ് ഏഞ്ചൽസിലേക്ക് പാരീസ് ബാറ്റൺ ഔദ്യോഗികമായി കൈമാറി. 7 സ്വർണവും 9 വെള്ളിയും 13 വെങ്കലവുമായി 29 മെഡലുകൾ സ്വന്തമാക്കി ചരിത്രത്തിലെ ഏറ്റവും മികച്ച മെഡൽ നേട്ടവുമായാണ് ഇന്ത്യൻ സംഘത്തിന്റെ മടക്കം.

ഇന്ത്യൻ സംഘത്തിന്റെ മികവുറ്റ നേട്ടങ്ങളിൽ രാഷ്ട്രപതി ദ്രൗപതി മുർമു സന്തോഷം പ്രകടിപ്പിച്ചു. പ്രതിസന്ധികൾക്കിടയിലും തളരാതെ വിജയം വരിച്ചവരുടെ കഥകൾ രാജ്യത്തിനും, യുവാക്കൾക്കും പ്രചോദനമാകുമെന്നും രാഷ്ട്രപതി പറഞ്ഞു.

✪✪✪

യു.എസ്. ഓപ്പൺ ടെന്നീസ് പുരുഷ സിംഗിൾസ് കിരീടം ഇറ്റാലിയൻ താരം യാനിക് സിന്നറിന്. ന്യൂയോർക്കിൽ നടന്ന ഫൈനലിൽ യു.എസിന്റെ ടെയ്ലർ ഫ്രിറ്റ്സിനെ പരാജയപ്പെടുത്തിയാണ് സിന്നർ കിരീടം സ്വന്തമാക്കിയത്. സ്കോർ: 6–3,6–4, 7–5.

✪✪✪

കേരള ക്രിക്കറ്റ് ലീഗിൽ ഏരീസ് കൊല്ലം സെയ്ലേഴ്സിനും തൃശൂർ ടൈറ്റൻസിനും വിജയം. തിരുവനന്തപുരത്ത് രണ്ടാം മത്സരത്തിൽ ട്രിവാൻഡ്രം റോയൽസിനെ ആറ് വിക്കറ്റ് തോൽപിച്ചാണ് ഏരീസ് കൊല്ലം ടൂർണമെന്റിൽ നാലാം ജയം സ്വന്തമാക്കിയത്.

ആദ്യ മത്സരത്തിൽ, തൃശൂർ ടൈറ്റൻസ് 7 വിക്കറ്റിന് കൊച്ചി ബ്ലൂ ടൈഗേഴ്സിനെ പരാജയപ്പെടുത്തി.

✪✪✪

FEI എൻഡ്യൂറൻസ് ലോക ചാംപ്യൻഷിപ്പിലെ സീനിയർ വിഭാഗം മത്സരം വിജയകരമായി പൂർത്തിയാക്കുന്ന ഏറ്റവും പ്രായം കുറഞ്ഞ വ്യക്തിയായി റെക്കോർഡിട്ട് മലപ്പുറം തിരൂർ സ്വദേശിനി നിദ അൻജും ചേലാട്ട്. ഈ വിഭാഗത്തിലേക്കു യോഗ്യത നേടിയ ആദ്യ ഇന്ത്യൻ മൽസരാർ ത്ഥിയെന്ന റെക്കോർഡും ഈ ഇരുപത്തിരണ്ടുകാരിക്കാണ്. ഫ്രാൻസിലെ മോൺപാസിയറിൽ, 40 രാജ്യങ്ങളിൽ നിന്നായി 144 താരങ്ങൾ പങ്കെടുത്ത മൽസരം പൂർത്തിയാക്കിയത് നിദ ഉൾപ്പെടെ 45 പേർ മാത്രമാണ്. യുഎഇ, ബഹ്റൈൻ, സ്പെയിൻ, ഫ്രാൻസ്, ഇറ്റലി തുടങ്ങിയ രാജ്യങ്ങളിലെ മികച്ച കുതിരയോട്ടക്കാരായിരുന്നു നിദയുടെ എതിരാളികൾ.

✪✪✪

ന്യൂനപക്ഷ പദവി വിനിയോഗിച്ച് ജൂനിയർ അധ്യാപകനെ പ്രധാനാധ്യാപകൻ ആക്കിയതിൽ ചട്ടങ്ങൾ പാലിക്കാത്തതിന് വടകര ജില്ലാ വിദ്യാഭ്യാസ ഓഫീസിന് 15000 രൂപ പിഴ ചുമത്തി. സംസ്ഥാന വിവരാവകാശ കമ്മിഷണർ ഡോ. A.അബ്ദുൽ ഹക്കിമാണ് ഇതുസംബന്ധിച്ച ഉത്തരവിട്ടത്.

കോഴിക്കോട് വില്യാപ്പള്ളി M.J. വൊക്കേഷണൽ ഹയർ സെക്കൻററി സ്കൂളിൽ സീനിയറായിരുന്ന M. സുലൈമാനെ മറികടന്ന് ജൂനിയറായ R. ഷംസുദ്ദീനെ പ്രിൻസിപ്പലായി നിയമിച്ചതുമായി ബന്ധപ്പെട്ട് കേരള വിദ്യാഭ്യാസ ചട്ടങ്ങൾ പാലിച്ചില്ലെന്ന് കണ്ടെത്തിയാണ് കമ്മിഷൻ നടപടി.

✪✪✪

മുതിർന്ന മാധ്യമപ്രവർത്തകനും കേരള പത്രപ്രവർത്തക യൂനിയൻ സംസ്ഥാന നേതാവുമായിരുന്ന N. രാജേഷിന്റെ സ്മരണാർഥം ഏർപ്പെടുത്തിയ നാലാമത് 'എൻ.രാജേഷ് സ്മാരക പുരസ്കാരം' മലയാള ചലച്ചിത്ര മേഖലയിലെ വനിതകളുടെ കൂട്ടായ്മയായ ഡബ്ല്യൂ.സി.സിക്ക് പ്രതിപക്ഷ നേതാവ് VD സതീശൻ രാവിലെ കോഴിക്കോട്ട് സമ്മാനിക്കും. കാലിക്കറ്റ് പ്രസ് ക്ലബ് സ്ഥാപക പ്രസിഡന്റ് പി. അരവിന്ദാക്ഷന്റെ സ്മരണാർഥം ഏർപ്പെടുത്തിയ പ്രഥമ മാധ്യമ പുരസ്ക്കാരം മാതൃഭൂമി സീനിയർ സബ് എഡിറ്റർ രജി ആർ. നായർ പ്രതിപക്ഷ നേതാവിൽ നിന്ന് ഏറ്റുവാങ്ങും.

✪✪✪

അട്ടപ്പാടിയിലെ വിവിധ ഊരുകളിൽ നിന്ന് 50 ഓളം ആദിവാസികൾ മുഖ്യമന്ത്രിയെ കാണാൻ രാവിലെ തിരുവനന്തപുരത്തെത്തും. അട്ടപ്പാടിയിലെ വ്യാപകമായ ആദിവാസി ഭൂമി കയ്യേറ്റം സംബന്ധിച്ച് അന്വേഷണം ആവശ്യപ്പെട്ട് മുഖ്യമന്ത്രിക്ക് അവർ നിവേദനം നൽകും.

ആദിവാസി ഭൂമിക്ക് വ്യാജരേഖ ഉണ്ടാക്കി ട്രസ്റ്റുകളുടെയും സൊസൈറ്റികളുടെയും പേരിൽ വൻതോതിൽ ഭൂമി വാങ്ങി കൂട്ടുന്നുവെന്നും ആദിവാസി ഊരുകൾ പൊളിച്ചു നീക്കാൻ തയ്യാറായി ഭൂമാഫിയ സംഘങ്ങൾ എത്തുന്നുവെന്നും കാണിച്ചാണ് നിവേദനം.

ഡിജിപിയെയും കാണുന്ന ആദിവാസികൾ പ്രതിപക്ഷ നേതാവിന്റെ ഓഫീസിലും പരാതിയുടെ പകർപ്പ് നൽകും.

✪✪✪

മണ്ണാർക്കാട്, എടത്താനാട്ടുകരയിൽ ജീപ്പും ബൈക്കും കൂട്ടിയിടിച്ച് രണ്ട് യുവാക്കൾ മരിച്ചു. പടിക്കപ്പാടം വീട്ടിൽ ഫഹദ്, ആഞ്ഞിലങ്ങാടി, പുലേക്കളത്തിൽ വീട്ടിൽ അർഷിൽ എന്നിവരാണ് മരിച്ചത്.

✪✪✪

ഏഴിമല റെയിൽവെ മേൽപാലത്തിന്റെ നിർമ്മാണം ഇന്ന് ആരംഭിക്കും. ഏഴിമല റെയിൽവെ സ്റ്റേഷന് സമീപത്തെ റെയിൽവെ ഗേറ്റിനോട് ചേർന്നാണ് മേൽപാലം പണിയുന്നത് .

✪✪✪

കേരള തീരം മുതൽ വടക്കൻ കർണാടക തീരം വരെ ന്യൂനമർദ്ദപാത്തി രൂപപ്പെട്ടതിന്റെ ഫലമായി സംസ്ഥാനത്ത് വ്യാഴാഴ്ച വരെ വ്യാപകമായി നേരിയ, മഴക്ക് സാധ്യതയെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ് അറിയിച്ചു.

കനത്ത മഴക്ക് സാധ്യത കണക്കിലെടുത്ത് ഇന്ന് കാസർഗോഡ്, കണ്ണൂർ, കോഴിക്കോട്, മലപ്പുറം, തൃശൂർ, എറണാകുളം, ആലപ്പുഴ ജില്ലകളിൽ മഞ്ഞ ജാഗ്രതാ നിർദ്ദേശം നൽകി.

✪✪✪